ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/3517/2026-C1 (ACA)** തീയതി: **04-05-2026**

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം – സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം - അക്കാദമിക് (എ) വിഭാഗം - **2026-2027** അധ്യയന വർഷം എട്ടാം ക്ലാസ്സ് പ്രവേശനം - സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- **2026-2027** അധ്യയന വർഷത്തെ എട്ടാം ക്ലാസ്സ് പ്രവേശനത്തിനുള്ള സീറ്റ് വർദ്ധിപ്പിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുള്ള ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ അപേക്ഷ.

സൂചന പ്രകാരം **2026-2027** അധ്യയന വർഷത്തെ ടെക്നിക്കൽ ഹൈസ്കൂൾ എട്ടാം ക്ലാസ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോസ്പെക്ടസ് **1.2** ക്ലോസിൽ "വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം, ഓരോ ഡിവിഷനിലെ വിദ്യാർഥികളുടെ എണ്ണം പരമാവധി **45** ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നിരുന്നാലും പ്രവേശനത്തിന് പരിമിതപ്പെടുത്തിയിട്ടുള്ള സീറ്റുകളുടെ എണ്ണത്തെക്കാളും ഉയർന്ന ആവശ്യകത ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ പരമാവധി സീറ്റുകളുടെ **10%** വരെ ഓരോ ഡിവിഷനിലും അധികമായി അനുവദിക്കാവുന്നതാണ്" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പ്രോസ്പെക്ടസ് പ്രകാരം ഓരോ ബാച്ചിലും **10%** സീറ്റ് വർദ്ധിപ്പിച്ച് നൽകാവുന്നതാണ് എന്ന് എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്മാരെയും അറിയിക്കുന്നു.

Digitally signed by
ANI ABRAHAM
Date: 04-05-2026
13:05:34

ANI ABRAHAM
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്മാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.